# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 738

03-11-2011 ൽ മറുപടിയ്ക്ക്

## സുഗന്ധ നെല്ലിനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.രാജു<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) എവിടെയെല്ലാം സുഗന്ധ നെല്ലിനങ്ങൾ കൃഷി ചെയ്തു വരുന്നുണ്ട്; | (എ) വയനാട് ജില്ലയിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും സുഗന്ധ നെല്ലിനങ്ങൾ കൃഷി ചെയ്തു വരുന്നു. മാനന്തവാടി ബ്ലോക്കിൽ തിരുനെല്ലി, പനമരം എന്നീ പഞ്ചായത്തുകളിലും സുൽത്താൻ ബത്തേരി ബ്ലോക്കിൽ നൂൽപ്പുഴ, സുൽത്താൻ ബത്തേരി പഞ്ചായത്തുകളിലും കൽപ്പറ്റ ബ്ലോക്കിൽ പടിഞ്ഞാറത്തറ പഞ്ചായത്തിലും കൂടുതലായി കൃഷി ചെയ്തു വരുന്നു. |
| (ബി) ഏതെല്ലാം ഇനങ്ങളിൽപ്പെട്ട സുഗന്ധ നെല്ലിനങ്ങളാണ് കൃഷി ചെയ്യുന്നത്; | (ബി) ഗന്ധകശാല, ജീരകശാല, ബസുമതി എന്നീ ഇനങ്ങളാണ് കൃഷി ചെയ്തു വരുന്നത്. |
| (സി) ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്? | (സി) കഴിഞ്ഞ രണ്ടുവർഷങ്ങളിലായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സുഗന്ധ നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിനുവേണ്ടി ഹെക്ടറിന് 10,000/- രൂപ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ടുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. അതനുസരിച്ച് 2009-10 വർഷത്തിൽ 700 ഹെക്ടർ സ്ഥലത്തും (70 ലക്ഷം രൂപ) 2010-11 വർഷത്തിൽ 500 ഹെക്ടർ സ്ഥലത്തും (50 ലക്ഷം രൂപ) പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 2011-12 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ സഹായം നൽകി 1000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ